LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം

186 (5591) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര വൈദ്യുതി ഉപഭോക്താക്കൾ ഉണ്ടായിരുന്നു ;

(ബി) അന്ന് വൈദ്യുതി ബോർഡിൽ എത്ര ജീവനക്കാർ ഉണ്ടായിരുന്നു ;

(സി) അവരുടെ തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) കഴിഞ്ഞ നാലു വർഷം കൊണ്ട് എത്ര ജീവനക്കാർ പെൻഷൻ ആയി ;

(ഇ) ഇപ്പോൾ എത്ര ജീവനക്കാർ ഉണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 82,95,081 വൈദ്യുതി ഉപഭോക്താക്കൾ ഉണ്ടായിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ബോർഡിൽ 26,552 ജീവനക്കാർ ഉണ്ടായിരുന്നു.

(സി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(ഡി) 2,969 പേർ.

(ഇ) 29,571 പേർ.

കെ.എസ്.ഇ.ബി.യിൽ ജോലിക്കിടെ വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞവർ

187 (5592) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതലൈനിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്ന വരുടെ പേര് വിവരം ചീഫ് എഞ്ചിനീയറെ അറിയിക്കണമെന്ന വ്യവസ്ഥയുണ്ടോ;

(ബി) 2007, 2008, 2009 എന്നീ വർഷങ്ങളിൽ എത്ര ജീവനക്കാർ/ എത്ര കരാർ ജീവനക്കാർ/ പൊതുജനങ്ങൾ എന്നിവർ വൈദ്യുതാഘാതമേറ്റ് മരണ മടഞ്ഞിട്ടുണ്ട് ;

(സി) ഇങ്ങനെ മരണമടയുന്ന ജീവനക്കാർ/കരാർതൊഴിലാളികൾ/ പൊതുജനം എന്നിവർക്ക് എന്ത് ആശ്വാസ ധനസഹായമാണ് ബോർഡ് നൽകുന്നത് ; പ്രസ്തുത തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ ;

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ജോലിക്കിടെ മരണമടയുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് ബോർഡിൽ ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വൈദ്യുത ലൈനിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്നവരുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട ഓഫീസിന്റെ പരിധിയിലുള്ള ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉന്നതോദ്യോഗസ്ഥന്മാരെയും വൈദ്യുതി ബോർഡിലെ ഇതുമായി ബന്ധപ്പെട്ട മേലധികാരികളെയും അറിയിക്കേണ്ടതാണ്.

(ബി) വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞവരുടെ എണ്ണം ചുവടെ ചേർക്കുന്നു :

	2007	2008	2009
ജോലിക്കിടെ മരണമടഞ്ഞ ബോർഡ് ജീവനക്കാർ	21	18	20
ജോലിക്കിടെ മരണമടഞ്ഞ കരാർ തൊഴിലാളികൾ	22	12	17
ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട പൊതുജനങ്ങൾ	76	70	82

(സി) വൈദ്യുതാഘാതം മൂലം ബോർഡ് ജീവനക്കാർക്ക് ഉണ്ടാകുന്ന അപകട മരണത്തിന് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ച് കണക്കാക്കുന്ന നഷ്ടപരിഹാരം വൈദ്യുതി ബോർഡിന്റെ ക്ഷേമനിധിയിൽ നിന്നും അഞ്ച് ലക്ഷം രൂപ, മരണപ്പെടുന്നവരുടെ ആശ്രിതരിൽ ഒരാൾക്ക് ബോർഡിൽ ആശ്രിത നിയമനം എന്നിവയും നൽകി വരുന്നു. ഇപ്രകാരം ജീവഹാനി സംഭവിക്കുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ചുള്ള നഷ്ടപരിഹാരം നൽകി വരുന്നു. ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ അവകാശികൾക്ക് ആശ്വാസധനസഹായമായി 50,000 രൂപ നൽകി വരുന്നു. പ്രസ്തുത അപകടങ്ങൾക്ക് നൽകി വരുന്ന ധനസഹായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് വരുന്നു.

(ഡി) ബോർഡിന്റെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ജോലിക്കിടെ സംഭവിക്കുന്ന അപകടങ്ങളിൽ മരണപ്പെടുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്രിത നിയമനത്തിന് അർഹത ഇല്ല. പ്രസ്തുത നിയമനം നൽകുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളോ നടപടികളോ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly